## വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ. HARITHA V KUMAR)

വിഷയം:- വനിത ശിശു വികസന വകുപ്പ് – ഐസിഡിഎസ് - മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി (MGNREGS) ചേർന്ന് അങ്കണവാടി കെട്ടിട നിർമ്മാണം - 13 അങ്കണവാടികൾക്ക് കെട്ടിട നിർമ്മാണാനുമതി നൽകി ഉത്തരവാകുന്നു.

പരാമർശം:

1. കേന്ദ്രസർക്കാരിന്റെ 31/03/2023 തീയതിയിലെ CD-II-14/36/2022-CD-II നമ്പർ കത്ത്
2. സ.ഉ.(സാധാ) നം 340/2023/WCDD തീയതി. 13/06/2023
3. ഈ കാര്യാലയത്തിലെ 14/06/2023 തീയതിയിലെ DWCD/1999/ 2023-ICDS A7 നമ്പർ ഉത്തരവ്
4. പ്രോഗ്രാം ഓഫീസർമാരിൽ നിന്നും ലഭ്യമായിട്ടുള്ള പ്രപ്പോസലുകൾ
5. ഈ കാര്യാലയത്തിലെ 22-6-2024 തിയതിയിലെ മേൽ നമ്പർ ഉത്തരവ്.
6. മലപ്പുറം പ്രോഗ്രാം ഓഫീസറുടെ 1-11-2024 ലെ DICDSC/MPM/197/2023 B നമ്പർ കത്ത്.

**ഉത്തരവ് നം. DWCD/1999/2023-ICDSA7 തീയതി: 30-11-2024**

കേന്ദ്രാവിഷ്കൃതപദ്ധതികളുടെ പുതിയ കോസ്റ്റ്നോംസ് പ്രകാരം MGNREGA യുമായി സംയോജിപ്പിച്ച് 2022-23 സാമ്പത്തിക വർഷത്തിൽ 140 അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള അനുമതി പരാമർശം (1) പ്രകാരം കേന്ദ്രസർക്കാരിൽ നിന്നും ലഭ്യമായിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം ഒരു അങ്കണവാടി കെട്ടിടനിർമ്മാണത്തിന് 8 ലക്ഷം രൂപ MGNREGA വിഹിതവും, 2 ലക്ഷം രൂപ ഫിനാൻസ് കമ്മീഷൻ ഫണ്ടും, 2 ലക്ഷം രൂപ 60:40 അനുപാതത്തിൽ കേന്ദ്രസംസ്ഥാന സർക്കാരുകളും വഹിക്കുന്നു. ടി പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ കേന്ദ്രവിഹിതമായ 168 ലക്ഷം രൂപ പരാമർശം (1) പ്രകാരം കേന്ദ്രസർക്കാർ അനുവദിച്ചിട്ടുണ്ട്.

പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ കേന്ദ്ര വിഹിതമായ 1,68,00,000/- രൂപയും സംസ്ഥാനവിഹിതമായ 1,12,00,000/- രൂപയും ചേർത്ത് ആകെ 2,80,00,000/- (രണ്ട് കോടി എൺപത് ലക്ഷം രൂപ) അനുവദിച്ചും ടി തുക വിനിയോഗിച്ച് 140 അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി പരാമർശം (2) പ്രകാരം ലഭിക്കുകയും പ്രസ്തുത തുക MGNREGA സ്കീമിനായി (scheme code KL 257) IDBI ബാങ്കിൽ വനിതശിശുവികസനഡയറക്ടറുടെ പേരിലുള്ള SNA അക്കൗണ്ടിൽ (Account no 0889104000111751) പരാമർശം (3) പ്രകാരം നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. MGNREGS പദ്ധതി പ്രകാരം അങ്കണവാടി കെട്ടിട നിർമ്മാണത്തിന്റെ ഫണ്ട് വിനിയോഗിക്കുന്നത് MGNREGS മിഷൻ ഡയറക്ടർ മുഖേനയാണ്.

സ്വന്തമായി സ്ഥലം ലഭ്യമായിട്ടുള്ള 13 അങ്കണവാടികൾക്ക് MGNREGS പദ്ധതി പ്രകാരം കെട്ടിടനിർമ്മാണാനുമതി ആവശ്യപ്പെട്ട് കെട്ടിടനിർമ്മാണത്തിന് ലഭ്യമായിട്ടുള്ള സ്ഥലം പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടെന്നുള്ള സാക്ഷ്യപത്രം, ധനകാര്യകമ്മീഷൻ ഫണ്ട്/തനത് ഫണ്ട് വകയിരുത്തിക്കൊണ്ടുള്ള കമ്മറ്റി തീരുമാനം, സ്ഥലം കെട്ടിട നിർമ്മാണത്തിന്

അനുയോജ്യമാണെന്നുള്ള സാക്ഷ്യപത്രം എന്നിവ സഹിതം പരാമർശം (4) പ്രകാരം പ്രോഗ്രാം ഓഫീസർമാരിൽ നിന്നും പ്രപ്പോസലുകൾ ലഭ്യമായിട്ടുണ്ട്.

MGNREGS പദ്ധതി പ്രകാരം പരാമർശം (5) പ്രകാരം കെട്ടിടനിർമ്മാണാനുമതി നൽകിയിട്ടുള്ള മലപ്പുറം ജില്ലയിലെ വണ്ടൂർ അഡീഷണൽ പ്രോജക്ടിലെ 108 -ാം നമ്പർ അങ്കണവാടിക്ക് തനത് ഫണ്ടും, കേന്ദ്രാവിഷ്കൃത ഫണ്ടും വകയിരുത്തി കെട്ടിടം നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനമെടുത്തിട്ടുള്ള സാഹചര്യത്തിൽ പദ്ധതിയിൽ നിന്നും ഒഴിവാക്കുന്നതിന് പരാമർശം (6) പ്രകാരം മലപ്പുറം പ്രോഗ്രാം ഓഫീസർ അഭ്യർത്ഥിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ പരാമർശം (4) പ്രകാരം പ്രോഗ്രാം ഓഫീസർമാരിൽ നിന്നും ലഭ്യമായിട്ടുള്ള പ്രപ്പോസലുകൾ പരിഗണിച്ച് അനുബന്ധമായി ചേർത്തിട്ടുള്ള 13 അങ്കണവാടികൾക്ക് MGNREGS പദ്ധതിയുടെ പുതുക്കിയ കോസ്റ്റ് നോംസ് പ്രകാരം കെട്ടിടം നിർമ്മിക്കുന്നതിനും, വകുപ്പ് വിഹിതമായി കെട്ടിടം ഒന്നിന് 2 ലക്ഷം രൂപ നിരക്കിൽ ആകെ 13 അങ്കണവാടികൾക്കായി 26,00,000/- (ഇരുപത്തി ആറ് ലക്ഷം രൂപ മാത്രം) വിനിയോഗിക്കുന്നതിനും അനുമതി നൽകിയും, മലപ്പുറം ജില്ലയിലെ വണ്ടൂർ അഡീഷണൽ പ്രോജക്ടിലെ 108 -ാം നമ്പർ അങ്കണവാടിക്ക് പരാമർശം (5) പ്രകാരം നൽകിയിരുന്ന കെട്ടിടനിർമ്മാണാനുമതി റദ്ദ് ചെയ്തും ഉത്തരവാകുന്നു.

MGNREGA മിഷൻ ഡയറക്ടറുടെ Child Agency Account-ൽ ഇപ്പോൾ ഉള്ള, വണ്ടൂർ അഡീഷണൽ പ്രോജക്ടിലെ 108 -ാം നമ്പർ അങ്കണവാടിക്ക് അനുവദിച്ച രണ്ട് ലക്ഷം രൂപ കിഴിച്ച് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി അനുവദിക്കുന്ന 24,00,000/- (ഇരുപത്തി നാല് ലക്ഷം രൂപ ) MGNREGA സ്കീമിനായി (scheme code KL 257) IDBI ബാങ്കിൽ ആരംഭിച്ചിട്ടുള്ള Account no 0889104000111751 (IFSC code IBKL 0000889) എന്ന SNA അക്കൗണ്ടിൽ നിന്നും വിനിയോഗിക്കേണ്ടതും, PFMSൽ രജിസ്റ്റർ ചെയ്തിട്ടുള്ള 1.1 Construction of Anganwadi Centres എന്ന കംമ്പോണന്റ് കോഡിൽ നിന്നും MGNREGA മിഷൻ ഡയറക്ടറുടെ Child Agency Account ലേയ്ക്ക് ഫണ്ട് അനുവദിക്കേണ്ടതുമാണ്.

ടി തുക ഉപയോഗിച്ച് അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ആവശ്യമായ സത്വരനടപടികൾ MGNREGA മിഷൻ ഡയറക്ടർ സ്വീകരിക്കേണ്ടതും പ്രവൃത്തി പൂർത്തീകരിച്ച് തുക ചെലവഴിക്കുന്ന മുറയ്ക്ക് ധനവിനിയോഗസാക്ഷ്യപത്രം/SOE എന്നിവ ലഭ്യമാക്കേണ്ടതുമാണ്. പ്രോഗ്രാം ആഫീസർ, സിഡിപിഒ എന്നിവർ നിർമ്മാണ പുരോഗതി വിലയിരുത്തി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(HARITHA V KUMAR, DIRECTOR DWCD, O/o Director DWCD)

**വനിത ശിശുവികസന ഡയറക്ടർ**

മിഷൻ ഡയറക്ടർ,
MGNREGS, തിരുവനന്തപുരം

പകർപ്പ് :

1. പ്രോഗ്രാം ഓഫീസർ കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, പാലക്കാട്, കണ്ണൂർ
2. ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർമാർക്ക്

3. കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Sonda

സൂപ്രണ്ട്

MGNREGS പദ്ധതി പ്രകാരം കെട്ടിട നിർമ്മാണാനുമതി നൽകുന്ന 13 അങ്കണവാടികളുടെ ലിസ്റ്റ്

(ഉത്തരവ് നം. DWCD/1999/2023 ICDS A7 തീയതി: 30-11-2024)

| ക്രമ നം | ജില്ല | പ്രോജക്റ്റ് | പഞ്ചായത്ത് | സെന്റർ നം |
|---|---|---|---|---|
| 1 | കൊല്ലം | ശാസ്താംകോട്ട അഡീഷണൽ | വെസ്റ്റ് കല്ലട | 45 |
| 2 | കൊല്ലം | ശാസ്താംകോട്ട അഡീഷണൽ | വെസ്റ്റ് കല്ലട | 47 |
| 3 | കൊല്ലം | ശാസ്താംകോട്ട അഡീഷണൽ | വെസ്റ്റ് കല്ലട | 41 |
| 4 | കൊല്ലം | ശാസ്താംകോട്ട അഡീഷണൽ | ശാസ്താംകോട്ട | 21 |
| 5 | കൊല്ലം | ശാസ്താംകോട്ട അഡീഷണൽ | ശാസ്താംകോട്ട | 14 |
| 6 | കൊല്ലം | ശാസ്താംകോട്ട അഡീഷണൽ | ശാസ്താംകോട്ട | 12 |
| 7 | പത്തനംതിട്ട | കോന്നി അഡീഷണൽ | പ്രമാടം | 49 |
| 8 | ആലപ്പുഴ | ചെങ്ങന്നൂർ | മുളക്കുഴ | 80 |
| 9 | പാലക്കാട് | പട്ടാമ്പി അഡീഷണൽ | തിരുവേഗപ്പുര | 3 |
| 10 | പാലക്കാട് | പട്ടാമ്പി അഡീഷണൽ | തിരുവേഗപ്പുര | 7 |
| 11 | പാലക്കാട് | പട്ടാമ്പി അഡീഷണൽ | തിരുവേഗപ്പുര | 13 |
| 12 | കണ്ണൂർ | പയ്യന്നൂർ | രാമന്തളി | 23 |
| 13 | കണ്ണൂർ | ഇരിക്കൂർ അഡീഷണൽ | ഉളിക്കൽ | 17 |

Sd/-

For HARITHA V KUMAR, DIRECTOR DWCD, O/o Director DWCD

വനിത ശിശുവികസന ഡയറക്ടർ